LIBRARY ARCHIVES Kerala Legislative Assembly

## പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ അഴിമതി

**312 (322)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെയടിസ്ഥാനത്തിൽ പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ രണ്ട് ചീഫ് എഞ്ചിനീയർമാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിയ്ക്കും, വിജിലൻസ് ഡയറക്ടർക്കും മുഖ്യമന്ത്രിനൽകിയ നിർദ്ദേശം എന്തായിരുന്നു ; ഇതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) പൊതുമരാമത്ത് വകുപ്പ്മന്ത്രിയും, ജലവിഭവ വകുപ്പ് മന്ത്രിയും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ, അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. 2012-ൽ മലപ്പുറം പരപ്പനങ്ങാടി ഓവർബ്രിഡ്ജ്-കടലുണ്ടിക്കടവ് റോഡിന്റെ റബ്ബറൈസിങ് വർക്ക് കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ ക്ഷണിക്കാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നൽകിയതുമായി ബന്ധപ്പെട്ട് 5-1-2015-ൽ രജിസ്റ്റർചെയ്ത VC1/15/MPM നമ്പർ വിജിലൻസ് കേസുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ. പി. കെ. സതീശൻ, ജലവിഭവ വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ. വി. കെ. മഹാനുദേവൻ എന്നിവരെ 21-7-2015-ലെ GO (Rt)No.106/2015/Vig നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർമാർ ബഹു.ആഭ്യന്തര വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മുൻപാകെ സമർപ്പിച്ച നിവേദനങ്ങൾ പരിശോധിക്കുകയും കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ വിജിലൻസ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ഇ) സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന ചീഫ് എഞ്ചിനീയർമാരുടെ ആവശ്യം ഉൾക്കൊള്ളുന്ന പൊതുമരാമത്ത് വകുപ്പിൽനിന്നും ജലവിഭവ വകുപ്പിൽനിന്നും ലഭിച്ച ഫയലുകളിൽ കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടതീരുമാനം രേഖപ്പെടുത്തി പ്രസ്തുത ഫയലുകൾ തിരികെ നൽകിയിട്ടുണ്ട്.

## വനംവകുപ്പിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

**313 (324)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ അസിസ്റ്റന്റ് കൺസർവേറ്റർവരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന തസ്തികകളിലെ ഒഴിവുകൾ ജില്ല തിരിച്ച വ്യക്തമാക്കുമോ ;

(സി) മേൽ തസ്തികകളിലെ ഒഴിവുകൾ എന്ന് മുതൽ നിലവിലുള്ളതാണെന്നും പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വനം വകുപ്പിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | - | 245 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | - | 21 |
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | - | 2 |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | - | 25 |
| അസിസ്റ്റന്റ് ഫോറസ്റ്റ് ഓഫീസർ | - | ... |